പ്രയോറിറ്റി കൊടുത്ത് വേലികെട്ടി തിരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. അതുപോലെ കോമ്പൻസേഷൻ കൊടുക്കുന്നതിനും ഇപ്പോഴും വ്യവസ്ഥയുണ്ട്. മൃഗങ്ങളുടെ ശല്യം വീടുകൾക്കുണ്ടായാൽ, കന്നുകാലികൾക്കും കൃഷിക്കുമുണ്ടായാൽ, നാശനഷ്ടമുണ്ടായാൽ അതിനും കോമ്പൻസേഷൻ കൊടുക്കുന്നതിന് വ്യവസ്ഥയുണ്ട്. ചട്ടങ്ങൾ പ്രകാരം സംഭവം നടന്നു മൂന്നു മാസത്തിനകം റെയിഞ്ചർ മുഖേന ഡിവിഷണൽഫോറസ്റ്റ് ഓഫീസർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. സമർപ്പിച്ച അപേക്ഷകളിലെല്ലാം വളരെയധികം രൂപ കൊടുത്തിട്ടുണ്ട്. അതുകൊണ്ട് ഇത്തരം കേസുകളിൽ കോമ്പൻസേഷനുള്ളതുണ്ടെങ്കിൽ അതു മെമ്പർ ശ്രദ്ധയിൽപ്പെടുത്തിയാൽ എത്രയും വേഗം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. അതുപോലെ കമ്പിവേലി കെട്ടിക്കൊണ്ടിരിക്കുന്നത് താരതമ്യേന പ്രയോറിറ്റി നോക്കിയാണ്. ഈ പ്രദേശം കൂടി അതിലുൾപ്പെടുത്താൻ പറ്റുമോ എന്നു പരിശോധിക്കുന്നതാണ്.

(49) ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിനേറയും ജീവനക്കാരുടെ ക്വാർട്ടേഴ്സിനേറയും ശോച്യാവസ്ഥ

ശ്രീ. ഇ. ശങ്കരൻ: സർ, കേരളത്തിലെ വിദ്യാലയങ്ങൾക്ക് ആവശ്യമായ പുസ്തകങ്ങൾ അച്ചടിക്കുന്നതിനുവേണ്ടിയാണ് 1960-ൽ ഷൊർണ്ണൂരിൽ ഗവൺമെന്റ് പ്രസ്സ് സ്ഥാപിച്ചത്. ഈ പ്രസ് വികസിപ്പിക്കുന്നതിന്റെ ഭാഗമായി പ്രസ്സിനോടനുബന്ധിച്ച് ടെക്സ്റ്റ് ബുക്ക്, സ്റ്റേഷനറി തുടങ്ങിയവയ്ക്കുവേണ്ടിയുള്ള കെട്ടിടങ്ങൾ പണി ചെയ്തു. പക്ഷേ ബുക്കിന്റെ അച്ചടി ക്രമേണ പല ഭാഗത്തേക്കായി കൊണ്ടുപോകുകയും ഈ പ്രസ്സിൽ അച്ചടിക്കാൻ സാധിക്കാത്ത വിധത്തിൽ, ആധുനികമായ യന്ത്രസാമഗ്രികൾ ഇല്ലാത്തതിന്റെ ഫലമായി, ഷൊർണ്ണൂരിൽ ഉള്ള പല യന്ത്രസാമഗ്രികളും 1993-ൽ തൃക്കാക്കരയിലേയ്ക്കു മാറ്റി സ്ഥാപിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുസ്തകങ്ങൾ പൂർണ്ണമായി ഇവിടെ അച്ചടിക്കാൻ സാധിക്കുന്നില്ല. ആകെ അച്ചടിയന്ത്രങ്ങൾ 25 ആണ്. ലേലം വിളിച്ചത് രണ്ടാണ്. ഉപയോഗയോഗ്യമായത് മൂന്നെണ്ണം. സ്പെയർ പാർട്സ് കിട്ടാത്തതിന്റെ പേരിൽ വർക്കു ചെയ്യാതെ കിടക്കുന്നത് 7 എണ്ണം. കെട്ടിടങ്ങളാണെങ്കിൽ ചോർന്നൊലിച്ച് വൈദ്യുത ബന്ധങ്ങൾ വിച്ഛേദിക്കപ്പെട്ട് മേൽക്കൂര തകർന്നു കിടക്കുന്നു. അതുപോലെ ക്വാർട്ടേഴ്സുകളുണ്ട്. 62 ഫാമിലിക്കു താമസിക്കാൻ മൂന്നു ടൈപ്പിലുള്ള 34 കെട്ടിടങ്ങളുണ്ട്. പലതും നാശത്തിന്റെ വക്കിലാണ്. കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താറില്ല. റിപ്പെയറിംഗിനായി 4 ലക്ഷം രൂപ അനുവദിച്ചുവെന്ന് പറയുന്നുണ്ടെങ്കിലും പണം ഇതുവരെ അവിടെ എത്തിയതായിട്ട് അറിയുന്നില്ല. ആറും പത്തും കുടുംബങ്ങൾക്ക് ഒരു കക്കൂസ് വീതമാണുള്ളത്. മിക്ക കക്കൂസുകളും പൊട്ടി സെപ്ടിക് ടാങ്കുകൾ ചോർന്ന് ആ ക്വാർട്ടേഴ്സിൽ ആളുകൾക്ക് താമസിക്കാൻ പറ്റാത്ത വിധത്തിലായി. അതുപോലെ ക്വാർട്ടേഴ്സിനു ചുറ്റുമതിൽ നിർമ്മിക്കുന്നതിന്റെ പ്രവർത്തനം കുറെയൊക്കെ നടത്തിയെങ്കിലും പൂർണ്ണമായി പണി നടത്താൻ കഴിഞ്ഞിട്ടില്ല. ക്വാർട്ടേഴ്സിനകത്തുള്ള റോഡുകൾ, ഗതാഗതയോഗ്യമല്ലാത്ത രീതിയിലാണ്. അതുപോലെ ഗവൺമെന്റ് പ്രസ്സിൽ 63 പോസ്റ്റുകൾ ഒഴിവുണ്ട്. പ്രിൻറർ 30, കമ്പോസിറ്റർ 14, ബൈൻഡർ 5, ടൈം കീപ്പർ 2, ഗേറ്റ് കീപ്പർ 1, ടൈപ്പ് കാസ്റ്റിംഗ്

LIBRARY ARCHIVES Kerala Legislative Assembly

മെഷീൻ ഓപ്പറേറർ 2, കീ ബോർഡ് ഓപ്പറേറർ 1, ഇലക്ട്രീഷ്യൻ 1, ഇങ്ങനെ 63 പോസ്റ്റാണ് അവിടെ ഒഴിവുണ്ട്. രണ്ടു വർഷമായി ജീവനക്കാർക്ക് യൂണിഫോം കൊടുത്തിട്ട്. ഈ വക കാര്യങ്ങളും ശ്രദ്ധിക്കാൻ മന്ത്രി തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീമതി എം. ടി. പത്മ): സർ, ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സ് സ്ഥാപിതമായത് 1960-ലാണ്. പ്രസ്സ് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികളും ഇതിനകം ചെയ്തുകഴിഞ്ഞിട്ടുണ്ട്. മറ്റു ചില സർക്കാർ പ്രസ്സുകളുടെ കെട്ടിടങ്ങളെ അപേക്ഷിച്ച് ഷൊർണ്ണൂരിലെ പ്രസ്സ് കെട്ടിടം ഇപ്പോഴും സാമാന്യം നല്ല നിലയിലാണ്. ഗവൺമെന്റ് പ്രസ്സുകളുടെ നവീകരണത്തിന്റെ ഭാഗമായി ഈ പ്രസ്സിനുവേണ്ടി 20 ലക്ഷത്തിലധികം രൂപ വില വരുന്ന 2 പുതിയ ഓഫ്സെറ്റ് അച്ചടി യന്ത്രങ്ങളും വാങ്ങുന്നതിനും 4 ലക്ഷത്തിലധികം രൂപ വില വരുന്ന ആധുനിക ക്യാമറ യൂണിറ്റ് വാങ്ങുന്നതിനും സപ്ലൈ ഓർഡർ നൽകികഴിഞ്ഞിട്ടുണ്ട്. ഇത് ലഭിച്ചാൽ ഉടനെ പ്രസ്തുത പ്രസ്സിൽ അവ സ്ഥാപിക്കുന്നതാണ്. ഇപ്പോഴും സാമാന്യം നല്ല രീതിയിലാണ് ഈ പ്രസ് പ്രവർത്തിച്ചു വരുന്നത്. ഓഫ്സെറ്റ് അച്ചടിയന്ത്രം കൂടി പൂർണ്ണമായി പ്രവർത്തിച്ചു തുടങ്ങുന്നതോടുകൂടി പ്രസ്സിന്റെ പ്രവർത്തനം ഏറെക്കുറെ മെച്ചപ്പെടുത്താൻ സാധിക്കും. ക്വാർട്ടേഴ്സുകളുടെ സ്ഥിതി ശോചനീയമാണെന്ന് അദ്ദേഹം പറഞ്ഞു. കാര്യമായ അറ്റകുറ്റപ്പണികളും ചെയ്യാത്തതിനാൽ 63 വസതികളും താമസിക്കാൻ പറ്റാത്ത അവസ്ഥയാണ്. ക്വാർട്ടേഴ്സിന്റെ അറ്റകുറ്റപ്പണികളും ചെയ്യേണ്ടത് മരാമത്ത് വകുപ്പാണ്. 8-8-1994-ലെ ജി.ഒ.ആർ. ടി. 1224/94 ഉത്തരവ് പ്രകാരം ക്വാർട്ടേഴ്സിന്റെ അറ്റകുറ്റപ്പണികൾക്കായി 4 ലക്ഷം രൂപയുടെ ഭരണാനുമതി നൽകികഴിഞ്ഞു. അറ്റകുറ്റപ്പണികൾ ചെയ്തുതീർക്കുന്നതിനുവേണ്ടി കോൺട്രാക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്. വസതികളുടെ അവസ്ഥ പരമ ദയനീയമാണെന്നും അറ്റകുറ്റപ്പണികൾ അടിയന്തിരമായി ചെയ്തുതീർക്കണമെന്നും ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ക്വാർട്ടേഴ്സിന്റെ അറ്റകുറ്റപ്രവൃത്തികളോടൊപ്പം ലാട്രിൻ സംവിധാനങ്ങളുടേയും ചുറ്റുമതിലിന്റേയും റോഡിന്റേയും പണികളും ചെയ്യുന്നതാണ്. വേക്കൻറായിട്ടുള്ള പോസ്റ്റുകൾ ഫില്ലപ്പ് ചെയ്യുന്നതിന് നടപടി കൈക്കൊള്ളുന്നതാണ്.

(50) കാസർകോട് ജില്ലയിൽ ഗസറ്റുകൾ ലഭിക്കാനുള്ള കാലതാമസം

ശ്രീ. പി. രാഘവൻ: സർ, ഗസറ്റുകൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞാൽ കാസർകോട് ജില്ലയിൽ എത്തുന്നില്ല എന്നുള്ള പരാതി പല പ്രാവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുള്ളതാണ്. തലസ്ഥാനത്തെ ഗൂഢാലോചനയുടെ ഫലമായിട്ടാണ് ഗസറ്റുകൾ താമസിക്കുന്നത്. ഇതു സംബന്ധിച്ച് ഞാൻ പരാതി നൽകിയപ്പോൾ മുഖ്യമന്ത്രിയിൽനിന്നു കിട്ടിയ മറുപടി, അച്ചടിക്കാൻ താമസിച്ചതു കൊണ്ടാണ് കാസർകോഡ് ജില്ലയിൽ ഗസറ്റുകൾ കിട്ടാത്തതെന്നാണ്. എല്ലാ അച്ചടിയും ഒരുപോലെ അല്ലേ ചെയ്യുക? കാസർകോഡിനു മാത്രമായി അച്ചടിക്കുകയല്ലല്ലോ? പലപ്പോഴും ഉദ്യോഗത്തിനു അപേക്ഷിക്കുന്ന ഗസറ്റുകൾ അവിടെ താമസിച്ചാണ് കിട്ടുന്നത്. അതുമൂലം

LIBRARY ARCHIVES Kerala Legislative Assembly